# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

പിറവി രണ്ടാം ഞായർ

2022 ജനുവരി 2




# പുതുവർഷപ്രതിജ്ഞകൾ

പുറപ്പാട് 33: 18-23, സെഫനിയ 3: 14-20, 2 പത്രോസ് 1: 16-21, യോഹന്നാൻ 1: 45-51

എല്ലാം കഴിഞ്ഞു എന്ന് ഓർത്തിരിക്കുമ്പോൾ, വീണ്ടും ആദ്യം മുതൽ തുടങ്ങാൻ ഒരു അവസരം ആരാണ് ആഗ്രഹിക്കാത്തത്? ഓരോ പുതുവർഷവും നമുക്ക് സമ്മാനിക്കുന്നത് ഇതാണ്. ഇക്കാരണങ്ങൾ കൊണ്ടാണ്, ജനുവരി ഒന്നിനെ നമ്മൾ ഇത്ര കൊതിയോടെ കാത്തിരിക്കുന്നത്. ഒരുപാട് പേർക്ക് ഇത്, പുതിയ തീരുമാനങ്ങൾ എടുക്കാനുള്ള അവസരമാണ്. പുതുവർഷത്തിലെ ആദ്യ ഞായറിലെ സുവിശേഷ വായന നമുക്ക് ഒരു ചോദ്യവും അതിനു ഒരു ഉത്തരവും തരുന്നുണ്ട്. രണ്ടു പുതുവർഷപ്രതിജ്ഞകൾ നമുക്കു അതിൽനിന്നും കണ്ടെത്താം.

## നന്മ എവിടെ നിന്ന് വരും?

നസ്രത്തിൽനിന്നു എന്തെങ്കിലും നന്മ ഉണ്ടാകുമോ? യേശുവിനെക്കുറിച്ച് പീലിപ്പോസ് പറയുമ്പോൾ നഥാനയേൽ ചോദിക്കുന്ന ചോദ്യമാണ് ഇത്. നന്മ ആഗ്രഹിക്കാത്ത മനുഷ്യർ ഇല്ല. ജനനം മുതൽ എല്ലാ മനുഷ്യരും തേടുന്ന ഒന്നാണ് അത്. നന്മയുള്ള മനുഷ്യരെ നമുക്ക് വളരെ ഇഷ്ടമാണ്. അവരുടെ കൂടെ ആയിരിക്കുന്നത് സന്തോഷകരമാണ് . നമ്മൾ പിന്തുടരുന്ന ഓരോന്നിന്റെയും പിന്നിൽ നന്മക്കു വേണ്ടിയുള്ള ഈ പരക്കം പാച്ചിലുണ്ട്. എല്ലാ മനുഷ്യരും നന്മ ആഗ്രഹിക്കുമെങ്കിലും, അത് അനുഭവിക്കാൻ എല്ലാവർക്കും സാധിക്കാറില്ല. ആഗ്രഹിക്കുന്ന നന്മ അല്ല, ചെയ്യരുത് എന്ന് ആഗ്രഹിക്കുന്ന തിന്മയാണ് താൻ ചെയ്തു പോകുന്നത് എന്ന് പൗലോസ് ശ്ലീഹ പറഞ്ഞു വയ്ക്കുന്നുണ്ട്.

'നന്മകൾക്ക് നിറം കെടുന്നൊരു കാലമെന്നുണ്ണീ
തിന്മകൾക്ക് നിറച്ചു വർണ്ണ ചന്തമെന്നുണ്ണീ'

മുരുകൻ കാട്ടാക്കടയുടെ നെല്ലിക്ക എന്ന പ്രശസ്തമായ കവിത ഇങ്ങനെ ആണ് തുടങ്ങുന്നത്. നന്മ ചെയ്യുവാനുള്ള ബുദ്ധിമുട്ടും, തിന്മയുടെ ആകർഷണങ്ങളും തമ്മിലുള്ള ഒരു നിരന്തര സംഘർഷം ലോകത്തു എന്നുമുണ്ട്. മനുഷ്യസഹജമായ അസൂയ, സ്വാർത്ഥത, അത്യാഗ്രഹം , കോപം തുടങ്ങിയ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ, നമ്മൾ തിന്മ വർധിക്കുന്നതിന് കൂട്ട് നിൽക്കുന്നവർ ആകുന്നു. മറ്റേതൊരു ജീവിയെക്കാളും നന്മ എന്നുള്ളത് മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ നിലനിൽപ്പിനു തന്നെ ആവശ്യമാണ്. മറ്റു മൃഗങ്ങളുടെ ഇടയിൽ എല്ലാ കാര്യത്തിലും ഏകദേശം തുല്യത നിലനിൽക്കുമ്പോൾ , അസമത്വം നിലനിൽക്കുന്ന ഒരു ജീവിയാണ് മനുഷ്യൻ . അതുപോലെ തന്നെ, ജനനം മുതൽ അനേകം സഹജീവികളെ ആശ്രയിച്ചാണ് ഒരു മനുഷ്യൻ തന്റെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ ജീവിതത്തിനു നമുക്ക് എത്ര പേരോട് കടപ്പാടുണ്ടെന്നു ഓർത്തു നോക്കുക. സ്വന്തം ജാതിയിൽ പെട്ട ഒന്നിനോട് , ഇത്രമാത്രം ക്രൂരതയും




ബോബി ജോർജ്

കാരുണ്യവും കാണിക്കാൻ പറ്റുന്ന വേറെ ഒരു ജീവിയും ഇല്ല . സച്ചിദാനന്ദന്റെ വരികൾ ഇങ്ങനെയാണ്:

'ആറാം ദിവസമാണ് ദൈവത്തിനു കൈ അബദ്ധം പിണഞ്ഞത് . പ്രണയം ഇല്ലാതെ പ്രാപിക്കുകയും, വിനയം ഇല്ലാതെ പ്രാർത്ഥിക്കുകയും, തിന്നാൻ വേണ്ടി അല്ലാതെ കൊല്ലുകയും ചെയ്യുന്ന മൃഗത്തെ സൃഷ്ടിച്ച ആ ദിവസം.'

നഥാനയേലിന്റെ ചോദ്യം നമ്മെ നയിക്കുന്നത് നന്മയെ ഉറ്റുനോക്കാനുള്ള നമ്മുടെ വിളിയിലേക്കാണ്. ഒരുവന് നല്കപ്പെട്ടിട്ടുള്ള ബുദ്ധിയും, കഴിവും, സമ്പത്തുകളും അപരന്റെ ഉയർച്ചക്കും, ലോകത്തിന്റെ നന്മക്കും കൂടി ഉപയുക്ത മായ രീതിയിൽ വ്യയം ചെയ്യുവാനുള്ള ഒരു കടമ നമുക്കുണ്ട്. ഓരോരുത്തരുടെയും ജീവിതം ഉപഭോഗത്തിനു (consume ) വേണ്ടി മാത്രമുള്ളതല്ല, മറിച്ചു നല്ലതിന്റെ ഉൽപ്പാദനത്തിന് (create) വേണ്ടിയുള്ളതു കൂടിയാണെന്നതാണ് ഉദാത്തമായ ചിന്ത . ഒരു പക്ഷെ കണക്കു നോക്കാതെ നന്മ ചെയ്യുവാൻ താൽപ്പര്യം കാണിക്കുന്ന കുറച്ചു മനുഷ്യർ ആണ് ഈ ഭൂമിയെ സുന്ദരമാക്കുന്നത് . പലപ്പോഴും നന്മ എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ വരുന്നത് വൻകിട കാരുണ്യ പ്രവർത്തികളും, സാമൂഹ്യസേവനവും ഒക്കെ ആയിരിക്കും. എല്ലാവർക്കും ഗാന്ധിയും, മദർ തെരേസയും ഒക്കെ ആകാൻ പറ്റില്ലല്ലോ എന്ന് ചിന്തിക്കുന്നവരും കാണും. പക്ഷെ നന്മയുടെ അർഥം ഇനിയും വിശാലമാണ് . അത് നമ്മുടെ ദൈനംദിന ജീവിതത്തിൽ എങ്ങിനെ നന്മയുള്ള ജീവിതം നയിക്കാം എന്നതാണ് . നമ്മൾ ഓരോരുത്തരും നമ്മുടെ ജോലികൾ ആത്മാർത്ഥമായി ചെയ്യുമ്പോൾ നമ്മൾ ജീവിക്കുന്ന ലോകം നന്മ നിറഞ്ഞതായി മാറും. ഒരാൾ സമയത്തു ജോലിക്കു കയറുമ്പോൾ, അധ്യാപകൻ നന്നായി പഠിപ്പിക്കുമ്പോൾ, ഡോക്ടർ തന്റെ രോഗിയെ സ്നേഹത്തോടെ പരിചരിക്കുമ്പോൾ, കൈക്കൂലി വാങ്ങാതെ ഒരു കാര്യം ചെയ്തു കൊടുക്കുമ്പോൾ ഒക്കെ ഈ ലോകത്തു നന്മ വർധിക്കും. തന്റെ ജോലികൾ ഏറ്റവും ആത്മാർത്ഥമായി ചെയ്യും എന്നത് എത്ര നല്ല ഒരു പുതുവർഷ തീരുമാനമാണ് .

## വന്നു കാണുക

വന്നു കാണുക എന്ന രണ്ടു വാക്കിൽ പീലിപ്പോസ് നഥാനയേലിനു കൊടുക്കുന്ന ഒരു ഉത്തരം ഉണ്ട്. അത് നന്മയെക്കു റിച്ചുള്ള സന്ദേഹത്തിനു കൊടുക്കുന്ന ഉറപ്പാണ്. ക്രിസ്തുവിനെ കണ്ടു അധികം നാൾ ആവാതെ തന്നെ, നസ്രത്തിൽനിന്നു നന്മ വരും എന്ന കാര്യത്തിൽ പീലിപ്പോ സിനു സംശയം ഇല്ലായിരുന്നു. ഒരു പക്ഷെ ഈ വർഷം മുഴുവൻ, നസ്രത്തിലെ ആ നന്മയെ പോയി കാണുവാൻ ഉള്ള ഒരു ആഹ്വാനം ഈ വാക്കിലുണ്ട്. ക്രിസ്തുവിനെ അറിയുവാനും, പോയി കാണുവാനും നമ്മൾ ഇനിയും കാത്തിരിക്കുക ആണെ ങ്കിൽ, അതിലേക്കുള്ള ഒരു ക്ഷണം ആണ് ഇന്നത്തെ വചനം. ക്രിസ്തുവിനെ കുറിച്ച് വായിച്ചറിവുകളോ, കേട്ടറിവുകളോ മാത്രം നാം ആശ്രയിക്കേണ്ടതില്ല. അവനെ നാം പോയി കാണേണ്ടതുണ്ട്. അനുഭവിച്ചറി യേണ്ടതുണ്ട്. പത്രോസ് എഴുതിയ ലേഖനത്തിൽ ഇന്ന് നാം വായിച്ചു കേട്ട ഒന്നുണ്ട്. പത്രോസ് ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞത് കല്പിതകഥകൾ വിശ്വസിച്ചത് കൊണ്ടല്ല, മറിച്ചു അവന്റെ ശക്തി പ്രഭാവത്തിന്റെ ദൃക്സാക്ഷികൾ ആയതുകൊണ്ടാണ്. പ്രിയ സുഹൃത്തു ക്കളെ, ഈ വർഷത്തിലെ ഓരോ ദിവ സവും, ക്രിസ്തുവിനെ നമ്മുടെ ജീവിത ങ്ങളിൽ കണ്ടുമുട്ടാൻ നമുക്ക് സാധിക്കുമോ? പീലിപ്പോസിന്റെ വാക്കുകളിൽ വേറെ ഒരു സത്യം കൂടിയുണ്ട്. ആരെങ്കിലും നമ്മിലെ നന്മയെക്കുറിച്ചു അന്വേഷിച്ചാൽ , വന്നു കാണുക എന്ന് , പീലിപ്പോസിനെപ്പോലെ പറയാൻ എത്ര പേർക്ക് സാധിക്കും? രണ്ടു ദിവസമോ, മാസങ്ങളോ, വർഷങ്ങളോ കഴിഞ്ഞിട്ട് വന്നു കാണുക എന്നല്ല പീലിപ്പോസ് പറയുന്നത് . അപ്പോൾ തന്നെ വരാനാണ്. നന്മയുടെ ജീവിതം എല്ലാം കഴിഞ്ഞു സ്വസ്ഥമായിട്ടു ജീവിക്കാൻ ഉള്ളതല്ല. മറിച്ചു ഓരോ നിമിഷവും, ഓരോ ദിവസവും ജീവിക്കേണ്ടതാണ്. തന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ എല്ലാം മാറിയിട്ട് ,ജോലിയിൽനിന്നു വിരമിച്ചിട്ടു ഒക്കെ അന്യനെ സഹായിക്കാം എന്ന് കരുതുന്ന ആളുകൾ ഉണ്ട്. അങ്ങിനെ ഒരു ദിവസം വരുമെന്ന് ആരും പ്രതീക്ഷിക്കരുത്. നാം പൂർണ തൃപ്തർ ആകുന്ന ദിവസം ഒരു സങ്കല്പം മാത്രമാണ് . ഓരോ ദിവസവും , നമുക്കുള്ള സമയത്തിലും, സമ്പത്തിലും, സ് നേഹത്തിലും നിന്ന് ഒരു പങ്കു മാറ്റി വയ്ക്കാൻ നമുക്ക് സാധിക്കണം. അപ്പോൾ മാത്രമേ , നന്മ തേടുന്ന മനുഷ്യരോട് വന്നു കാണുക എന്ന് ധൈര്യമായി പറയാൻ സാധിക്കുകയുള്ളൂ.

അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ യേശു , നഥാനയേലിനെ കണ്ടു എന്ന് നാം ഇന്ന് വായിച്ചു. നമ്മൾ ഇരിക്കുന്ന ഇടങ്ങൾക്കും പ്രസക്തിയുണ്ട്. ഈ വർഷം നമ്മെ എവിടെ ഒക്കെ ആയിരിക്കും യേശു കണ്ടെത്തുക? നമ്മുടെ തിരക്കുകളുടെയും, ഭ്രമങ്ങളുടെയും , ആസക്തികളുടെയും , നിരാശയുടെയും, ആഘോഷങ്ങളുടെയും ഒക്കെ തീരങ്ങളിലും യേശുവിനു നമ്മെ കണ്ടെത്താൻ സാധിക്കും.

## നമ്മുടെ പ്രതിജ്ഞകൾ

പ്രിയ സഹോദരങ്ങളെ , എന്തായിരിക്കണം നമ്മുടെ പുതുവർഷപ്രതിജ്ഞകൾ? ഒന്നാമതായി, അത് നന്മ നിറഞ്ഞ ഒരു ലോകത്തിനു വേണ്ടിയുള്ള അദമ്യമായ ആഗ്രഹമാണ്. ഓരോ മനുഷ്യനും നന്മ ചെയ്യാൻ തയ്യാറാകുമ്പോഴാണ് ഈ ലോകം നന്മ കൊണ്ട് നിറയുന്നത്. അതിനുവേണ്ടി പ്രായമാകുവാനോ , സമ്പന്നൻ ആകുവാനോ കാത്തിരിക്കേണ്ട ആവശ്യം ഇല്ല. നമ്മുടെ ഉള്ള വിഭവങ്ങൾ കൊണ്ട് നല്ലതു ചെയ്യാൻ ഓരോ ദിവസവും നമുക്ക് സാധിക്കും. നന്മ ചെയ്യാത്ത ഒരു ദിവസവും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകാതെ ഇരിക്കട്ടെ എന്നാണ് ചാവറയച്ചൻ പറയുക. രണ്ടാമതായി നമ്മൾ എടുക്കേണ്ട ഒരു പ്രതിജ്ഞ ക്രിസ്തുവിനെ കാണുക എന്നതാണ് . വന്നു കാണുക എന്ന വിളിക്കു ഉത്തരം കൊടുക്കാൻ നമുക്ക് ഈ വർഷം സാധിക്കട്ടെ.

കോവിടിന്റെ പ്രശ്നങ്ങൾ നിറഞ്ഞു നിന്ന ഒരു വർഷം കൂടി കടന്നു പോകുന്നു. ജീവിതം വഴിമുട്ടി നിൽക്കുന്ന അനേകർ നമ്മുടെ ചുറ്റുമുണ്ട്. നമുക്ക് സാധിക്കുന്ന രീതിയിൽ അത്തരം ജീവിതങ്ങൾക്ക് ആശ്വാസം കൊടുക്കുവാൻ നമുക്ക് സാധിക്കണം. ദാരിദ്ര്യത്തിന്റെ പേരിൽ നവജാത ശിശുക്കൾ ദയനീയമായി കൊല്ലപ്പെടുന്നതും, മനസ്സാക്ഷിയെ വിറങ്ങലിപ്പിക്കുന്ന രാഷ്ട്രീയകൊലപാതകങ്ങളും, ക്രൂരമായ പ്രണയക്കൊലകളും കഴിഞ്ഞ വർഷം നമ്മൾ കണ്ടു. നന്മക്കു വേണ്ടിയുള്ള മനുഷ്യന്റെ നിലവിളി ഏറ്റവും ഉച്ചത്തിൽ ആകുന്ന ഒരു സമയത്താണ് നമ്മൾ ഒരു പുതിയ വർഷത്തിലേക്കു കടക്കുന്നത് . എത്ര ബുദ്ധിയും സമ്പത്തും ഉണ്ടെങ്കിലും നന്മയുടെ കുറവുകൊണ്ടു നശിച്ചു പോയ ഒരു സ്പീഷിസ് ആയി മനുഷ്യൻ മാറാതിരിക്കട്ടെ .

നന്മ അന്വേഷിക്കുന്ന ലോകത്തോട് മുഴുവൻ, വന്നു കാണുവിൻ എന്ന് ഉറക്കെ വിളിച്ചു പറയാൻ നമുക്ക് സാധിക്കട്ടെ . നന്മകൾക്ക് നിറം കെടുന്ന കാലമല്ല , മറിച്ചു നന്മയുടെ ദീപങ്ങൾ ശോഭയോടെ കത്തുന്ന ഒരു പുതുവർഷം ഏവർക്കും ആശംസിക്കുന്നു.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com